# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2449** 17.08.2017 -ലെ മറുപടി

## കരുനാഗപ്പള്ളിയിലെ കടവുകളിൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴക്കൂട്ടത്തിൽ കടവിൽ ടി.എസ്. കനാലിൽ നിന്നുള്ള ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി ചീപ്പും ഷട്ടറും സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കുമോ; പ്രസ്തുത പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴക്കൂട്ടത്തിൽ കടവിൽ ടി.എസ്. കനാലിൽ നിന്നുള്ള ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി ചീപ്പും ഷട്ടറും സ്ഥാപിക്കുന്ന പ്രവൃത്തി എഗ്രിമെന്റ് വച്ച് 26/05/2017-ൽ കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട്. എത്രയും പെട്ടെന്ന് പ്രവൃത്തി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് കടവിൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി ഷട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ചെറുകിട ജലസേചനവകുപ്പ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സമർപ്പിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) പഞ്ചായത്ത് കടവ് സ്ലൂയിസ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ